# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1772 — 18.06.2012-ൽ മറുപടിയ്ക്ക്

**മുദ്രപ്പത്ര കുംഭകോണ കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നിബെഹനാൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) മുദ്രപ്പത്ര കുംഭകോണ കേസ് അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത അന്വേഷണത്തിനായി ദേശീയ അന്വേഷണ ഏജൻസിയുടെ സഹായം തേടുന്ന കാര്യം പരിഗണിക്കുമോ ;

(സി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ?

(എ) & (ബി) (സി) ഇപ്പോൾ വ്യാജമുദ്രപത്രവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിന്മേൽ വഞ്ചിയൂർ, നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനുകളിലായി 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്ന് കേസുകളിലും പ്രതിയായ വിജയകുമാർ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.337/12, 369/12 കേസ്സുകളിൽ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിരുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ സമഗ്രവും ശാസ്ത്രീയവുമായ അന്വേഷണം നടന്നു വരുന്നു. എന്നിരുന്നാലും ടി കേസിന്റെ വ്യാപ്തി കണക്കിലെടുത്ത് വിശദവും സമഗ്രവുമായ കേസന്വേഷണം നടത്തുന്നതിന് വ്യാജമുദ്ര പത്രവുമായി ബന്ധപ്പെട്ട കേസ്സുകൾ ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. വ്യാജ മുദ്ര പത്രങ്ങളുടെ ഉപയോഗം സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ടായേക്കാമെന്നതിനാൽ ഒരു മുൻകരുതൽ എന്ന നിലയിൽ മാസത്തിലൊരിക്കൽ, കോടതികളിൽ ലഭിക്കുന്ന മുദ്രപ്പത്രങ്ങൾ ട്രഷറിയിൽ നിന്നുള്ള വിദഗ്ധ സംഘത്തെ ഉപയോഗിച്ച് ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

Mayhel

സെക്ഷൻ ഓഫീസർ.